ഉത്തരം

അളഗപ്പനഗർ ശുദ്ധജല വിതരണപദ്ധതി, മണ്ണംപേട്ട കരുവാപ്പടി വരെ നീട്ടുന്നതിനു പഞ്ചായത്തു റൂറൽ ഡവലപ്പ്മെന്റ് ബോർഡ് മുഖാന്തിരം അപേക്ഷിക്കേണ്ടതും ആകെ ചെലവിന്റെ 25 ശതമാനവും മുഴുവൻ വാർഷിക സംരക്ഷണ ചെലവും വഹിക്കുവാൻ സന്നദ്ധമാണെന്നും കാണിക്കുന്ന നിവേദനം പഞ്ചായത്തു അയക്കേണ്ടതുമാണ്. പണത്തിന്റെ ലഭ്യതയും സാങ്കേതിക സാദ്ധ്യതയും അനുസരിച്ച് എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ്.

പ്രൊപ്പർട്ടി ടാക്സ് ഇനത്തിലും ബിൽഡിംഗ് ടാക്സ് ഇനത്തിലും വരുമാനം

1216 [1945] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊപ്പർട്ടി ടാക്സ് ഇനത്തിലും ബിൽഡിംഗ് ടാക്സ് ഇനത്തിലും ആയി കേരളത്തിലൊട്ടാകെയുള്ള പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും 1977-78-ലെ ആകെ വരുമാനമെത്ര;

(ബി) കമ്പിൻകമ്മിനിയൽ റിവിഷൻ മൂലം വർദ്ധിച്ച നിരക്ക് അനുസരിച്ച് വരുമാനം എത്ര ആകുമെന്നു പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) പ്രൊപ്പർട്ടി ടാക്സ് പഞ്ചായത്തുകളിൽ പിരിക്കുന്നില്ല. ബിൽഡിംഗ് ടാക്സ് ഇനത്തിൽ കേരളത്തിലൊട്ടാകെയുള്ള പഞ്ചായത്തുകളുടെ 1977-78-ലെ വരുമാനം 1,82,53,460 രൂപ 59 പൈസ ആയിരുന്നു. മുനിസിപ്പാലിറ്റികളുടെ സംബന്ധിച്ചിടത്തോളം 1977-78-ൽ പ്രൊപ്പർട്ടി ടാക്സ് ഇനത്തിൽ 1,55,95,930 രൂപ വരുമാനം ഉണ്ടായിരുന്നു. മുനിസിപ്പാലിറ്റികളിൽ ബിൽഡിംഗ് ടാക്സ് പ്രത്യേകമായി ചുമത്തുന്നില്ല.

(ബി) കമ്പിൻകമ്മിനിയൽ റിവിഷൻ മൂലം വർദ്ധിച്ച നിരക്കനുസരിച്ച് പഞ്ചായത്തുകളിലെ വരുമാനം ഏകദേശം മൂന്നുകോടി ഉറുപ്പികയോളം ആകുമെന്നു പ്രതീക്ഷിക്കുന്നു. മുനിസിപ്പാലിറ്റികളിൽ റിവിഷൻ നടപ്പാക്കുമ്പോൾ 20 ശതമാനം മുതൽ 30 ശതമാനം വരെ വരുമാനം വർദ്ധിക്കാനിടയുണ്ട്.

പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലെ എഞ്ചിനീയർമാർ

1217 [1946] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ എത്ര ചീഫ് എഞ്ചിനീയർമാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly